milma

**തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ ക്ലിപ്തം**

കൊല്ലം ഡെയറി, തേവള്ളി പി. ഓ., കൊല്ലം - 691 009

ഫോൺ: 0474-2794556, 2794884, 2797991 ഫാക്സ്: 2492746 ഈ-മെയിൽ:milmaklm@gmail.com

**No.10:KLD:P&I:EST:2024-'25/** **19.02.2025**

# പി.&ഐ. ടാക്സി റീ-ടെണ്ടർ വിജ്ഞാപനം

2025-'27 (രണ്ടു വർഷം) കാലയളവിലേയ്ക്ക് കൊല്ലം ഡെയറി പി.&ഐ. വിഭാഗത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനു 1,195 സിസി-യ്ക്ക് മുകളിൽ എൻജിൻ കപ്പാസിറ്റിയും ടൂറിസ്റ്റ് ടാക്സി പെർമിറ്റും ഉള്ള സെഡാൻ കാർ ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സീൽ ചെയ്ത ടെണ്ടറുകൾ ക്ഷണിക്കുന്നു.

## റീ-ടെണ്ടർ നിബന്ധനകൾ: -

1. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 09:00 മണി മുതൽ വൈകീട്ട് 05:00 മണി വരെ വാഹനം ഓടിക്കുന്ന ഡ്രൈവർ ഉൾപ്പെടെ കൊല്ലം ഡെയറിയിൽ ലഭ്യമാക്കേണ്ടതാണ്. അത്യാവശ്യ ഘട്ടങ്ങളിൽ ഒഴിവു ദിവസങ്ങളിലും, ടി. സമയക്രമം പ്രകാരമല്ലാതെയും, വാഹനം ഓടിക്കുവാൻ സന്നദ്ധമായിരിക്കണം.
2. 2016-നും അതിനു ശേഷവുമുള്ള മോഡൽ വാഹനങ്ങൾ മാത്രമേ അനുവദിക്കുകയുള്ളൂ.
3. വാഹനത്തിന്റെ രജിസ്ട്രേഷൻ സ്വന്തം പേരിൽ ഉള്ളവർ മാത്രം ടെണ്ടറിൽ പങ്കെടുക്കേണ്ടതാണ്.
4. വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പെർമിറ്റ് രേഖകൾ എന്നിവയുടെ ശരിപ്പകർപ്പുകൾ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്.
5. ടെൻഡറിൽ കിലോമീറ്റർ നിരക്ക് രേഖപ്പെടുത്തേണ്ടതാണ്. (Rs. ............./Km)
6. എകദേശം 2,200±220 കിലോമീറ്റർ (10%) പ്രതിമാസ ഓട്ടം ഉണ്ടായിരിക്കുന്നതാണ്. എതെങ്കിലും കാരണവശാൽ ഒരു മാസത്തെ ആകെ ഓട്ടം 2,200 കിലോമീറ്ററിന്റെ 10% ശതമാനത്തിലും കുറവാകുന്ന സാഹചര്യത്തിൽ 1,980 കിലോമീറ്ററിനുള്ള ആകെ നിരക്കിന് അർഹത ഉണ്ടായിരിക്കുന്നതാണ്.
7. വാഹനങ്ങൾക്ക് 2,000/ രൂപ നിരതദ്രവ്യമായി അടയ്ക്കേണ്ടതാണ്. നിരതദ്രവ്യം "മാനേജർ, കൊല്ലം ഡെയറി"-യുടെ പേരിൽ കൊല്ലത്തു മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ, കൊല്ലം ഡെയറിയുടെ ഓഫീസിൽ പണമടച്ച രസീതായോ ടെണ്ടർ ഫോമിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ചെക്ക് സ്വീകരിക്കുന്നതല്ല.
8. നിശ്ചിത മാതൃകയിലുള്ള ടെണ്ടർ ഫോം കൊല്ലം ഡെയറി പി.&ഐ. ഓഫീസിൽ ലഭ്യമാണ്.

**19.02.2025 തീയതി മുതൽ 27.02.2025 വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10:00 മണിമുതൽ വൈകുന്നേരം 03:00 മണി**

**വരെയും 28.02.2025 തീയതി ഉച്ചയ്ക്ക് 12:00 മണി വരെയും കൊല്ലം ഡെയറി പി.&ഐ. ഓഫീസിൽ നിന്നും ടെണ്ടർ ഫോം വാങ്ങാവുന്നതാണ്.**

9. ടെണ്ടർ ഫോമിന്റെ വില : 300/രൂപ + 18% ജി.എസ്.ടി. ആയിരിക്കും.
10. ടെണ്ടർ ലഭിക്കുന്ന വാഹനത്തിന്റെ ഉടമ 200/ രൂപ മുഖവിലയുള്ള മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള കരാറിൽ ഏർപ്പെടേണ്ടതും, സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 10,000/ രൂപ കൊല്ലം ഡെയറിയുടെ ഓഫീസിൽ അടയ്ക്കേണ്ടതുമാണ്.
11. ടെണ്ടർ നടപടികളിൽ നിന്നും കാരണം കൂടാതെ പിന്മാറുകയോ, ടെണ്ടർ ലഭിക്കുന്ന പക്ഷം കരാറിൽ ഏർപ്പെടാതിരിക്കുകയോ, നിശ്ചിത സെക്യൂരിറ്റി തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്.
12. കരാറിൽ ഏർപ്പെടുന്ന വാഹനത്തിന്റെ ഉടമ 2 വർഷത്തേയ്ക്ക് (2025-'27) പ്രസ്തുത നിരക്കിൽ വാഹനം കരാർ അടിസ്ഥാനത്തിൽ വിട്ട് നൽകുന്നതിന് ബാധ്യസ്ഥനായിരിക്കും.
13. കാലാകാലങ്ങളിൽ ഉണ്ടായേക്കാവുന്ന ഇന്ധന വിലവർദ്ധനവിന് ആനുപാതികമായി ഹെഡ് ഓഫീസ് നിർദ്ദേശമനുസരിച്ച് നിലവിലുള്ള നിരക്കിൽ മാറ്റമുണ്ടാകുന്നതാണ്.
14. നിശ്ചിത മോഡൽ വാഹനം ഇല്ലാത്തവരുടെയും, സ്വന്തം പേരിൽ വാഹനത്തിന്റെ രജിസ്ട്രേഷൻ ഇല്ലാത്തവരുടെയും ടെണ്ടർ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
15. ടെണ്ടർ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് **"ടാക്സി റീ-ടെണ്ടർ-പി.&ഐ."** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
16. ടെണ്ടർ സ്വീകരിക്കാനും നിരാകരിക്കാനുമുള്ള അധികാരം കൊല്ലം ഡെയറി മാനേജർക്ക് ഉണ്ടായിരിക്കുന്നതാണ്.

**പ്രധാനപ്പെട്ട തീയതികൾ:**

| | |
|---|---|
| **ടെണ്ടർ വിൽപ്പന** | **19.02.2025 മുതൽ 27.02.2025 വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10:00 മണിമുതൽ വൈകുന്നേരം 03:00 മണി വരെയും 28.02.2025 തീയതി ഉച്ചയ്ക്ക് 12:00 മണി വരെയും** |
| **ടെണ്ടറുകൾ സ്വീകരിക്കുന്ന തീയതി/സമയം:** | **19.02.2025 മുതൽ 27.02.2025 വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10:00 മണിമുതൽ വൈകുന്നേരം 05:00 മണി വരെയും 28.02.2025 ഉച്ചയ്ക്ക് 01:00 മണി വരെയും** |
| **ടെണ്ടറുകൾ തുറക്കുന്ന തീയതി/സമയം:** | **28.02.2025 ഉച്ചയ്ക്ക് 02:00 മണി** |
| **ടെണ്ടറുകൾ സ്വീകരിക്കുന്ന/ തുറക്കുന്ന സ്ഥലം:** | **കൊല്ലം ഡെയറി ഓഫീസ്, തേവള്ളി പി. ഓ. കൊല്ലം 691009** |

**കൂടുതൽ വിവരങ്ങൾ കൊല്ലം ഡെയറി പി.&ഐ. വിഭാഗത്തിൽ നിന്നും ലഭിക്കുന്നതാണ്.**

**മാനേജർ,**
**കൊല്ലം ഡെയറി**